(സി) പ്രസ്തുത സഹകരണസംഘങ്ങൾ 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമം (സഹകരണ സംഘങ്ങൾക്ക് ബാധകമായത്) പ്രകാരം സഹകരണ സംഘങ്ങൾക്ക് അനുവദനീയമായ പ്രവർത്തനം മാത്രമേ നടത്താൻ പാടുള്ളൂവെന്നും ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചു.

(ഡി) 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമ (സഹകരണസംഘങ്ങൾക്ക് ബാധകമായത്)-ത്തിലെ വ്യവസ്ഥകൾ സഹകരണസംഘങ്ങൾ ലംഘിക്കുന്നത് ഉടനടി നിർത്താനും, തുടർന്നുള്ള അൺ ലൈസൻസ്ഡ് സഹകരണ ബാങ്കുകളുടെ രജിസ്ട്രേഷൻ നിർത്താനും ലൈസൻസ് ലഭിക്കാൻ യോഗ്യത നേടുന്ന മുറയ്ക്ക് ടി ബാങ്കുകൾ റിസർവ്വ് ബാങ്കിന് അപേക്ഷ നൽകുവാനും രജിസ്ട്രാർ 11-9-2002-ൽ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകി.

(ഇ) ഉണ്ട്. പുതിയതായി രജിസ്റ്റർ ചെയ്ത ലൈസൻസില്ലാത്ത അർബൻ സഹകരണസംഘങ്ങളെ സംബന്ധിച്ച് ഉണ്ടായ ഒരുകൂട്ടം ഒ.പി.കൾ പരിശോധിച്ച് 29-11-2002-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം പുതുതായി രജിസ്റ്റർ ചെയ്ത ലൈസൻസ് ഇല്ലാത്ത സഹകരണ അർബൻ ബാങ്കുകൾ 1969-ലെ സഹകരണ നിയമത്തിലെ ചട്ടം 15 1(എ), (3) (ബി) പ്രകാരമുള്ള തരംതിരിക്കലിന് അനുയോജ്യമായത് അല്ലെന്നും ടി സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണസംഘങ്ങളാണെന്നും കണ്ടെത്തി. ഹൈക്കോടതിയുടേയും റിസർവ്വ് ബാങ്കിന്റെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 61-ൽ 45 ബാങ്കുകൾ അർബൻ സഹകരണസംഘങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†. 29-11-2002-ലെ വിധിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീലും വിധിപ്രകാരം രജിസ്ട്രാർ നൽകിയ നിർദ്ദേശത്തെ ചോദ്യം ചെയ്തുകൊണ്ട് കേസും നിലനിൽക്കുന്നുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം

17 [*134] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വിഴിഞ്ഞം തുറമുഖം പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് സർക്കാർ കരുതുന്നത് ?

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി കൃാപ്പിറ്റൽ റിജിയൺ ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിലാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൂടാതെ തീരപഥം അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട്, ഉപദേശകരായ ഐ.എൽ. ആന്റ് എഫ്.എസ്., ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തി വരികയാണ്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളെക്കുറിച്ച് തുറമുഖം ഏകദേശം പ്രവർത്തനക്ഷമമാകാതെ ഇപ്പോൾതന്നെ കണക്ക് തിട്ടപ്പെടുത്തുവാൻ പ്രയാസമാണ്.

പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് കാട്ടയിലേക്കുള്ള പ്രവേശനം

18 [*135] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, എം. വി. ജയരാജൻ:

,, സാജു പോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് കാട്ടയിലേക്കുള്ള പ്രവേശനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മാനേജ്മെന്റ് സീറ്റുകളിലേക്ക് നടത്തിയ പ്രവേശനം സംബന്ധിച്ച കേസുകളിൽ ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരാമർശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് കാട്ടയിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളുടെ പ്രസക്തഭാഗം വിശദമാക്കാമോ;

(ഡി) കോടതികളുടെ വിധിയെത്തുടർന്ന് പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തെല്ലാം നിലയിലുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ കോടതി വിധികളുടെയോ ഗവൺമെന്റ് നിർദ്ദേശങ്ങളുടെയോ അന്തസത്തയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോ;

(എഫ്) കോടതിവിധിയെ തുടർന്ന് പ്രവേശനം നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽനിന്നും വാങ്ങിയിരുന്ന തുക തിരിച്ച് നൽകുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly